# സുപ്രീംകോടതി വിധി : സഭയുടെ ഐക്യാഹ്വാനം

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്
മെത്രാപ്പോലീത്താ

2017 ജൂലൈ മാസം 3-ാം തീയതി ഭാരതത്തിന്റെ പരമോന്നതനീതിപീഠം പുറപ്പെടുവിച്ചിരിക്കുന്ന വിധിന്യായത്തിലൂടെ മലങ്കരസഭ അതിന്റെ ചരിത്രത്തിന്റെ മറ്റൊരു നിർണ്ണായക ഘട്ടത്തിൽ എത്തിനിൽക്കുന്നു. സഭയുടെ സ്ഥാപകനും ഭാരതത്തിന്റെ അപ്പോസ്തോലനുമായ പ. മാർത്തോമാ ശ്ലീഹായുടെ ദുഖ്റോനോ ദിവസം തന്നെ ഈ വിധിന്യായം വന്നിരിക്കുന്നത് ദൈവനിയോഗമായി കാണുന്നു. മലങ്കരസഭാമക്കൾക്ക് ഒരുമിച്ച്നിന്നുകൊണ്ട് ആത്മസന്തോഷത്തോടെ സത്യത്തിലും നീതിയിലും ആത്മാവിലും ദൈവാരാധന നടത്തുവാൻ ത്രീയേകദൈവം കനിഞ്ഞുനൽകിയിരിക്കുന്ന അനുഗ്രഹം.

മലങ്കരസഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇതിനോടകം ഇന്ത്യയിലെ പലകോടതികളിൽ നിന്നായി ധാരാളം വിധിന്യായങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 1958-ലും 1995-ലും പ്രധാന നീതിപീഠമായ സുപ്രീംകോടതി നൽകിയ വിധിന്യായങ്ങൾ നിർണ്ണായകങ്ങൾ ആയിരുന്നു. മലങ്കരസഭയുടെ നേതൃനിരയിൽ നിന്നവർ ഒരുമിച്ചുനിന്ന് അവ നടപ്പിലാക്കിയിരുന്നെങ്കിൽ മലങ്കരസഭയുടെ ഭാരതത്തിലെ സ്ഥാനവും ഇന്ന് മറ്റൊന്നാകുമായിരുന്നു. കോടതിവിധിന്യായങ്ങൾ യഥാവിധി അനുസരിക്കാത്ത ഒരുവിഭാഗം ഇന്നും മലങ്കരയിലുണ്ടെന്ന സത്യാവസ്ഥ മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെയാണ് 2017 ജൂലൈ 3-ന് ബഹു. സുപ്രീംകോടതി വീണ്ടും അതിനിർണ്ണായകമായ വിധി പ്രഖ്യാപിച്ചിരിക്കുന്നത്.

ക്രൈസ്തവസഭയെന്ന നിലയിൽ കോടതിവിധിയിലെ ജയപരാജയങ്ങൾ ഇവിടെ എണ്ണേണ്ടതില്ല എന്നു കരുതുന്നു. അതിപുരാതനമായ മലങ്കരസഭയിൽ ഉണ്ടായ തർക്കവിതർക്കങ്ങൾ മൂലം ഭദ്രതനഷ്ടപ്പെട്ട വിശ്വാസികൾക്ക് പ്രത്യാശ നൽകുന്ന ദൈവനിയോഗമായി ബഹു. സുപ്രീംകോടതിവിധിയെ മനസ്സിലാക്കി ഐക്യത്തിലും സമാധാനത്തിലും സഭയെ എത്തിക്കുക എന്നത് മാത്രമാണ് നമ്മുടെ നിയോഗം.

1995-ലെ ബഹു. സുപ്രീംകോടതിവിധിയിലെ സത്തമനസ്സിലാക്കി മലങ്കരസഭയുടെ യോജിപ്പിന് വേണ്ടി ധാരാളം ശ്രമങ്ങൾ നടന്നതാണ്. സമാധാനശ്രമങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ അതിന്റെ നിരീക്ഷകനായി ജസ്റ്റീസ് മളീമഠിനെ സാക്ഷിയാക്കി ഭിന്നതയിൽ നിൽക്കുന്ന രണ്ടു വിഭാഗങ്ങളെയും ഒരുമിപ്പിച്ചുനിർത്തി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വരെ വിളിച്ചുകൂട്ടിയത് നമ്മുടെ ഓർമ്മയിൽ നിന്ന് മാഞ്ഞിട്ടില്ല. പാത്രിയർക്കീസ് വിഭാഗം/യാക്കോബായ വിഭാഗം/ബാവാകക്ഷി എന്നു വിളിക്കപ്പെടുന്ന ഒരു കൂട്ടർ അതിൽ പങ്കുചേരാതെ 2002-ൽ ഒരു സമാന്തര ഭരണഘടന സൃഷ്ടിച്ചപ്പോൾ തകർന്നത് സമാധാനവും ഐക്യവും കാംഷിച്ചിരുന്ന ദൈവജനത്തിന്റെ സ്വപ്നങ്ങളാണ്. അതുകൊണ്ടുതന്നെ, 2017 ജൂലൈ 3-ലെ ന്യായവിധി ദൈവജനത്തിന്റെ ഐക്യശ്രമങ്ങളെ തകിടംമറിക്കുന്നതിനെതിരെയുള്ള ഒരു മുന്നറിയിപ്പുകൂടിയായി. അതിക്രമത്തിലൂടെയും നിയമസംഹിതകളെ തകിടം മറിക്കുന്നതിലൂടെയും പള്ളികൾ പിടിച്ചെടുത്തും പള്ളികൾ അടപ്പിച്ചും സമൂഹത്തിന് മുമ്പിൽ ഇനിയും സഭയുടെ സാക്ഷ്യം നഷ്ടപ്പെടുത്തരുത് എന്ന മുന്നറിയിപ്പ്.

മലങ്കരസഭയുടെ ദൈവശാസ്ത്രവും സഭാവിജ്ഞാനീയവും പാരമ്പര്യവും അത്യാവശ്യം പഠിച്ചുമനസ്സിലാക്കി സഭയുടെ ഒരുമിപ്പിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ ന്യായാധിപന്മാർ നൽകിയിരിക്കുന്ന മുന്നറിയിപ്പോടുകൂടിയ ന്യായവിധി ഇനിയും മനസ്സിലാക്കുവാൻ ശ്രമിക്കാതെ നേതൃസ്ഥാനികൾ ഉൾപ്പെടെ ചില ആളുകൾ സഭയിൽ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നു എന്നതിന്റെ ഉത്തമഉദാഹരണങ്ങളാണ് നെച്ചൂരിലും മറ്റും സമീപകാലത്ത് സംഭവിച്ച അനിഷ്ടസംഭവങ്ങൾ. ഭാരതത്തിന്റെ ഭരണഘടന എല്ലാ ജനങ്ങൾക്കും അവരവരുടെ വിശ്വാസമനുസരിച്ച് ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കിത്തന്നെയാണ് ബഹു. സുപ്രീംകോടതി മലങ്കരസഭയിലെ തർക്കങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ന്യായവിധി പുറപ്പെടുവിച്ചിരിക്കുന്നത്. അവനവന്റെ വിശ്വാസം അനുസരിച്ചുള്ള ആരാധന നടത്തുവാനുള്ള സ്വാതന്ത്ര്യത്തിന് ഭാരതത്തിന്റെ നീതിന്യായവ്യവസ്ഥിതി അതിരുകൾ നിശ്ചയിച്ചിട്ടുണ്ട്. രാജ്യത്തിലെ പൗര

ന്മാർ എന്ന നിലയിൽ നീതിന്യായവ്യവസ്ഥിതികളെ തള്ളിക്കളഞ്ഞു ദൈവാരാധന നടത്തുവാൻ ആർക്കും അധികാരമില്ല. രാജ്യനിയമം ഏവർക്കും ബാധകമാണെന്നും പൗരന്മാർ സ്വീകരിക്കുന്ന സ്ഥാനനാമങ്ങൾ പോലും ഭാരതത്തിന്റെ നീതിന്യായവ്യവസ്ഥയോടു ചേർന്ന് നിൽക്കണമെന്നും അറിയാൻ പാടില്ലാത്തത് ആർക്കാണ്?

വിശ്വാസികൾ പള്ളിയിൽ പോകേണ്ടത് ആരാധിക്കുവാനാണ്. ആരാധനയെ അലങ്കോലപ്പെടുത്തുവാനോ ആരാധനാലയം നിയമപരമായ അവകാശികളിൽ നിന്ന് കൈയ്യേറി പിടിക്കുവാനോ ആരെയും ആക്രമിക്കുവാനോ ആകരുത്. വി. കുർബ്ബാനയിൽ പങ്കുചേരുവാനും അനുഭവിക്കുവാനും പ്രാർത്ഥിക്കുവാനും വാങ്ങിപ്പോയവരെ അനുസ്മരിച്ച് ധൂപം സമർപ്പിക്കുവാനും ദൈവാലയത്തിലോ സെമിത്തേരിയിലോ എത്തുന്ന ഒരു വിശ്വാസിയെയും നിയമപരമായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദീകരോ പള്ളിച്ചുമതലക്കാരോ മറ്റ് വിശ്വാസികളോ ഒരിക്കലും നിരോധിക്കില്ല.

സഭാനേതൃത്വത്തിലുള്ളവർ എത്ര നേതൃപാടവമുള്ളവരായാലും എങ്ങോട്ടാണ് അവർ വിശ്വാസികളെ നയിക്കുന്നത് എന്ന ചോദ്യം വളരെ പ്രസക്തമാണ്. ജനങ്ങൾക്കിടയിൽ വിദ്വേഷവും സംഘർഷവും നിലനിർത്തി നേതാക്കളായി നിലനിൽക്കാം എന്ന ചിന്ത ഏതെങ്കിലും സഭാനേതാവിനുണ്ടെങ്കിൽ അതിന് ഇനി അധികം ആയുസ്സുണ്ടാകും എന്ന് കരുതുന്നില്ല. 2002-ൽ ഒരു ഭരണഘടന ഉണ്ടാക്കി സഭയിൽ അസമാധാനവും സംഘർഷവും വിതറി നേതാക്കളുടെ എണ്ണം കൂട്ടി പതിനഞ്ച് വർഷം കൂടി നീട്ടിയെടുത്തു. ആത്യന്തികഫലം എന്ത് എന്ന് ഗൗരവത്തോടെ പരിശോധിക്കുവാൻ ഇനിയെങ്കിലും ഇങ്ങനെയുള്ളവർ തയ്യാറാകണം. 1958-ലെ ബഹു. കോടതിവിധിപ്രകാരം സഭയിലെ എല്ലാവരും ഒരുപോലെ അംഗീകരിക്കുകയും മലങ്കരസഭയുടെ ചരിത്രപരമായ ഐക്യത്തിന് അടിസ്ഥാനമായി തീരുകയും ചെയ്ത 1934-ലെ സഭാഭരണഘടന രേഖാപരമായി ഒപ്പിട്ടുകൊടുത്തു സ്വീകരിച്ച നേതാക്കൾ പെട്ടന്ന് മറ്റൊരു ഭരണഘടന ഉണ്ടാക്കിയതെന്തിനുവേണ്ടിയാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്? സമൂഹത്തിന്റെ നന്മയും ക്ഷേമവും ധാർമ്മികമൂല്യങ്ങളും കണക്കിലെടുത്ത് ഉണ്ടാക്കിയിരിക്കുന്ന അംഗീകരിക്കപ്പെട്ട ഒരു ഭരണഘടന നിലവിലിരിക്കുമ്പോൾ ജനങ്ങളെ ഭിന്നിപ്പിക്കുവാനും കലഹങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി മറ്റൊരു ഭരണഘടന ഉണ്ടാക്കുന്നത് സ്വാർത്ഥതാല്പര്യങ്ങളുടെ നിവർത്തിക്കുവേണ്ടിയാണ്.

1934-ലെ ഭരണഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഉത്തമങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് 1958-ലും 1995-ലും 2017-ലും ബഹു സുപ്രീംകോടതി അതിനെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആവർത്തിച്ചുള്ള വിധികൾ പ്രഖ്യാപിച്ചിരിക്കുന്നത്. 2002-ലെ ഭരണഘടന ഉൾപ്പെടെ സർവ്വ ഉടമ്പടികളെയും റദ്ദാക്കിക്കൊണ്ടു വിധി പ്രഖ്യാപിച്ചിരിക്കുന്നതും അതുകൊണ്ടാണ്. സമൂഹത്തിന്റെ നന്മയും അനുരഞ്ജനവും ലക്ഷമാക്കി നീതിപീഠം നൽകിയിരിക്കുന്ന വിധിയെ തന്ത്രങ്ങളിലൂടെ മറികടക്കാൻ ശ്രമിക്കുന്നതും ചോദ്യം ചെയ്യുന്നതുമൊക്കെ ഇന്ത്യൻ ഭരണഘടനയോടും നീതിന്യായവ്യവസ്ഥകളോടുമൊക്കെയുള്ള അവഹേളനമാണ്. നന്മയുള്ള വിശ്വാസികളിൽ ചിലരെ തീവ്രവാദികളാക്കി മാറ്റി സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന നേതാക്കന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ അവർ ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരും.

*അന്ത്യോക്യാ മലങ്കരബന്ധം നീണാൾ വാഴട്ടെ.* :- സമീപകാലത്തായി ഉയർന്നുകേൾക്കുന്ന ഒരു മുദ്രാവാക്യമാണിത്. യാക്കോബായ വിഭാഗം എന്ന് വിളിക്കപ്പെടുന്ന സഹോദരങ്ങളാണ് ഇത് ഉച്ചത്തിൽ വിളിച്ചുപറയുന്നത്. സുറിയാനി ഓർത്തഡോക്സ് സഭയോടും അതിന്റെ പ്രധാന മേലദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവയോടും ഉള്ള ബന്ധത്തെക്കുറിച്ചാണ് ഈ മുദ്രാവാക്യം അർത്ഥമാക്കുന്നതെങ്കിൽ ഓർത്തഡോക്സ് വിശ്വാസം പുലർത്തുന്ന മലങ്കര സഭയിൽ ഒരാൾക്കുപോലും അതിൽ വിയോജിപ്പുണ്ടാകുകയില്ല. ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സഭാവിജ്ഞാനീയത്തിലും ഊന്നിയുള്ള ഒരു ആഗ്രഹത്തെയോ പ്രഖ്യാപനത്തെയോ സഭാവിശ്വാസികൾ ആരും എതിർക്കുകയില്ല. വി. കുർബ്ബാന ഐക്യത്തിൽ മുന്നോട്ടുപോകുന്ന എല്ലാ ക്രൈസ്തവസഭകളുമായുള്ള മലങ്കരയുടെ ബന്ധം നീണാൽ വാഴണം എന്നതായിരിക്കണം നമ്മുടെ അഭിലാഷം. പരസ്പരബഹുമാനവും ആദരവും നന്ദിയും സ്നേഹവും ഒട്ടും കുറയ്ക്കാതെ ബന്ധം നിലനിർത്തുവാൻ ശക്തിയുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭാവിജ്ഞാനീയം കാത്തുസൂക്ഷിക്കുവാൻ ഏവർക്കും ഉത്തരവാദിത്തമുണ്ട്. ഭാരതത്തിന്റെ പരമോന്നത

നീതിപീഠം നൽകിയിരിക്കുന്ന നീതിന്യായവ്യവസ്ഥിതികളെ ലംഘിച്ചുകൊണ്ടും സ്വത്വബോധം നഷ്ടപ്പെടുത്തിക്കൊണ്ടും ആരോടും നീണാൽ വാഴുന്ന ബന്ധം ഉണ്ടായിരിക്കരുതെന്ന് വിവക്ഷ.

*മലങ്കരയിലെ അന്ത്യോക്യൻ പാരമ്പര്യം:* മലങ്കരസഭയുടെ പുരാതനകാലം മുതലുള്ള അന്ത്യോക്യൻ ബന്ധം എന്ന ചൊല്ല് സമീപകാലത്തായി ഉയർന്ന് കേൾക്കുന്ന ശബ്ദമാണ്. അത് ഭാരതത്തിലെ പൊതു ക്രൈസ്തവ സമൂഹം ചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്. എ.ഡി. 1665 മുതലുള്ള ബന്ധം സംബന്ധിച്ച് മലങ്കരസഭയിൽ ആരും വിയോജിക്കുമെന്ന് കരുതുന്നില്ല. ഏതു കാലം മുതലാണെങ്കിലും മലങ്കരസഭയുടെ നിലവിലുള്ള ദൈവശാസ്ത്രം ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടേതും ആരാധനാപാരമ്പര്യത്തിന്റെ സിംഹഭാഗം അന്ത്യേക്യൻ സുറിയാനിസഭയുടേതുമാണ്. എന്നാൽ, എല്ലാം അന്ത്യോക്യരുടേതെന്ന് പറയുന്നതിൽ ന്യായമില്ല. ശരിയായ ഒരു വിശകലനത്തിൽ, അലക്സന്ത്രിയൻ, ഗ്രീക്ക്, ലത്തീൻ, ഇന്ത്യൻ, സുറിയാനി ഘടകങ്ങളുടെ ഒരു സമന്വയം മലങ്കരയുടെ ആരാധനാപാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും ദർശിക്കാവുന്നതാണ്. മലങ്കരയിൽ മാത്രമല്ല, എല്ലാ ആരാധനാ പാരമ്പര്യങ്ങളിലും ഇതുപോലെയുള്ള ഒരു സമന്വയവും സ്വാധീനവും പ്രകടമാണ്. അന്ത്യോക്യൻ പാരമ്പര്യത്തിൽ ഒരു നല്ല പങ്കും ഗ്രീക്ക് രചനകളിൽ നിന്ന് രൂപീകരിച്ചിട്ടുള്ളതാണ്. സുറിയാനിക്കാരുടെ കിരീടം എന്ന് വിളിക്കപ്പെടുന്ന അന്ത്യോക്യയിലെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ എഴുത്തുകൾ എല്ലാം ലഭ്യമായിരിക്കുന്നത് ഗ്രീക്ക് ഭാഷയിൽ നിന്നാണ്. ദൈവശാസ്ത്ര-ആരാധനാപാരമ്പര്യങ്ങളുടെ പരസ്പരബന്ധവും സ്വാധീനവും ബഹുമാനാദരവുകൾക്കതീതമായ ഭരണവിധേയ ചിന്താഗതികളായി മാറുന്നത് റോമാ, പോർച്ചുഗീസ്, ബ്രിട്ടീഷ്, അറബി, സുറിയാനി കോളനിവൽക്കരണ സംസ്ക്കാരത്തിന്റെ ഭാഗമാണ്. അതിനെ ഓറിയന്റൽ ഓർത്തഡോക്സ് സഭാവിജ്ഞാനീയത്തിന്റെ ഭാഗമാക്കി മാറ്റുന്നത് ശരിയായ രീതിയായി കാണരുത്. സഹായങ്ങൾ ആവശ്യമുള്ളവർക്ക് ചെയ്തുനൽകുന്നത് ക്രൈസ്തവധർമ്മമാണ്. കോപ്റ്റിക്ക് (അലക്സാന്ത്രിയൻ) സഭ എത്യോപ്യൻ സഭയെ എ.ഡി. നാലാം നൂറ്റാണ്ടുമുതൽ എ.ഡി. 1951 വരെ സഹായിച്ച ഒരു ചരിത്രമുണ്ട്. ഇപ്പോൾ എത്യോപ്യൻ സഭ സർവ്വ സ്വതന്ത്രയായ സഭയാണ്. അർമ്മീനിയൻ പാരമ്പര്യത്തിൽ സർവ്വസ്വാതന്ത്ര്യമുള്ള രണ്ട് കാതോലിക്കേറ്റുകൾ അർമ്മീനിയായിലും ലബനോനിലുമായി നിലവിലുണ്ട്. ഇവയൊക്കെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഭാഗങ്ങളാണ്. ഇങ്ങനെയുള്ള പൗരസ്ത്യ ക്രൈസ്തവ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുന്നുവെങ്കിലും അംഗീകരിക്കുവാൻ തയ്യാറാകാതെ നിൽക്കുന്ന നേതൃസ്ഥാനികൾ മലങ്കരസഭയിൽ ഉണ്ടായിരിക്കുന്നു എന്നതാണ് വിരോധാഭാസമായി മാറുന്നത്.

പ. അന്ത്യോക്യാ പാത്രിയർക്കീസ് പ. പത്രോസ് ശ്ലീഹായുടെ പിൻഗാമിയാണെന്നും ശ്ലൈഹിക അധികാരവും പിൻതുടർച്ചയും അതുവഴിമാത്രമേ ലഭിക്കുകയുള്ളു എന്നും തോമായുടെ ശ്ലൈഹിക സിംഹാസനം ആലങ്കാരികമാണെന്നുമുള്ള വാദങ്ങൾ സമീപകാലത്തായി കേൾക്കുന്നതാണ്. റോമൻ കത്തോലിക്കാ സഭയുടെ സഭാവിജ്ഞാനിയത്തോട് ചേർന്ന് പോകുന്ന ചില വാദങ്ങളായിട്ടുമാത്രമേ ഇതിനെ മനസ്സിലാക്കുവാൻ പറ്റുന്നുള്ളു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെയോ ബൈസന്റൈൻ ഓർത്തഡോക്സ് സഭകളുടെയോ സഭാവിജ്ഞാനീയത്തിൽ ഇപ്രകാരം ഒരുപഠിപ്പിക്കൽ ഉണ്ടെന്ന് കരുതുന്നില്ല. ഓർത്തഡോക്സ് സഭകളുടെ ചിന്തയിൽ ശ്ലൈഹികത കർത്താവിനടുത്തതാണ്. കർത്താവിൽ നിന്ന് ലഭിച്ചതാണ് അപ്പോസ്തോലന്മാർക്കുള്ളത്. സത്യവിശ്വാസം പുലർത്തുന്ന എല്ലാ സഭകളിലും ഈ ശ്ലൈഹിക അധികാരവും പിൻതുടർച്ചയും ഒഴുകുന്നുണ്ട്. അലക്സന്ത്രിയായിലെ സഭയുടെ സ്ഥാപകൻ ശ്ലീഹന്മാരിൽ ഒരുവനല്ലാത്ത വി. മർക്കോസ് ഏവൻഗേലിയോസ്താ ആണെന്നും അപ്പോസ്തോലിക വിശ്വാസം പുലർത്തുന്ന ശ്ലൈഹിക സഭകളിൽ പലതിന്റെയും സ്ഥാപകർ പന്ത്രണ്ട് ശ്ലീഹന്മാർ അല്ലെന്നും മനസ്സിലാക്കുന്നവർക്ക് ഇതിൽ ഒരു സംശയവും ഉണ്ടാവുകയില്ല. മലങ്കരസഭയുടെ വ്യവഹാരങ്ങൾക്ക് അറുതി വരുത്തി വിധിതീർപ്പ് കല്പിച്ച ന്യായാധിപന്മാർ ഇത് മനസ്സിലാക്കിക്കൊണ്ട് വിധി പ്രസ്താവിച്ചു എന്നത് തർക്കങ്ങൾ ഉണ്ടാക്കാൻ വേണ്ടി തർക്കവിഷയങ്ങൾ സൃഷ്ടിക്കുന്നവരുടെ കണ്ണുതുറപ്പിക്കും എന്ന് കരുതുന്നു.

പള്ളികളുടെ സ്ഥാപനോദ്ദേശം നിലനിർത്തണം എന്നതിനാൽ പള്ളികൾ വിട്ടുകൊടുക്കാൻ പാടില്ല എന്നപേരിൽ നിയമവ്യവസ്ഥിതികളെ വെല്ലുവിളിക്കുന്ന രീതി കാണുന്നുണ്ട്. പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും നിലനിർത്തി ദൈവജനത്തെ സത്യത്തിലും ആത്മാവിലും നയിക്കുക എന്നതിനപ്പുറമായ ഒരു സ്ഥാപനോദ്ദേശവും മലങ്ക

രസഭയുടെ പള്ളികൾക്കില്ല. അതിനെതിരായി പ്രവർത്തിക്കുന്നവർക്ക് പള്ളികളിൽ നിന്ന് വിട്ടുമാറി സ്വന്തഇഷ്ടപ്രകാരം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ബഹു. സുപ്രീംകോടതി നൽകുന്നുണ്ട്.

ഇതിനോട് ചേർന്ന് നിൽക്കുന്നതാണ് ഇടവകപള്ളികളുടെ സ്വാതന്ത്ര്യവും ഭൂരിപക്ഷത്തിന്റെ തീരുമാനവും എന്നൊക്കെയുള്ള അസ്വാദ്യകരമായ വാക്കുകൾ.. ഇന്ത്യൻ ഭരണഘടനയും അതിനുള്ളിൽ നിൽക്കുന്ന മലങ്കരസഭയുടെ 1934-ലെ ഭരണഘടനയും നിയമവ്യവസ്ഥിതികൾക്കുള്ളിൽ നിന്ന് ഈ രണ്ട് കാര്യങ്ങളും അനുവദിക്കുന്നുണ്ട്. വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നീ 3 കാര്യങ്ങൾ ഒഴികെ (ഇവ മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ദൈവശാസ്ത്രം, കാനോനകൾ എന്നിവയുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാകയാൽ പ. എപ്പിസ്കോപ്പൽ സിന്നഹദോസിന്റെ അധികാരത്തിൽ വരുന്നവയാണ്) ബാക്കി എല്ലാ കാര്യങ്ങളും ഭരണഘടനയ്ക്ക് വിധേയമായി ഭൂരിപക്ഷപ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. പ. കാതോലിക്കായും മെത്രാപ്പോലീത്താമാരും തുടങ്ങി ഭരണനിർവ്വഹണം നടത്തുന്ന എല്ലാവരും ഭൂരിപക്ഷപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരാണ്. ഇടവകപ്പള്ളികളുടെ സ്വത്തും മറ്റും സഭാഭരണഘടനയ്ക്ക് വിധേയമായി ഇടവകകൾ തന്നെയാണ് പൂർണ്ണ സ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യുന്നത്. വ്യവസ്ഥിതികളുടെ ഉള്ളിൽ നിന്നുകൊണ്ട് വിനിയോഗം നടത്തുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം എന്നതിനപ്പുറമായ ഒരു സ്വാതന്ത്ര്യം ശിക്ഷണബോധം നഷ്ടപ്പെടുന്നവരുടെ സ്വാതന്ത്ര്യ ദുർവ്വിനയോഗമായിട്ടേ കണക്കാക്കുവാൻ പറ്റുകയുള്ളു. അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു നിയമവ്യവസ്ഥിതി ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് ഭൂരിപക്ഷം നിശ്ചയിക്കുന്നതും സ്വാതന്ത്ര്യം അനുഭവിക്കുന്നതുമൊക്കെ ആ വ്യവസ്ഥിതിയോടുള്ള വിധേയത്വത്തിലാണെന്ന് ബഹു. സുപ്രീംകോടതിവിധി വ്യക്തമാക്കുന്നു.

2017 ജൂലൈ 3-ന് ഉണ്ടായിരിക്കുന്ന വിധി, നടപ്പിലാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതു നടപ്പിലാക്കിയാൽ സ്വാർത്ഥതാല്പര്യങ്ങൾക്ക് ഭംഗം ഉണ്ടാകും എന്ന് ആശങ്കപ്പെടുന്ന ചില നേതാക്കന്മാരും അവരോട് ചേർന്ന് നിൽക്കുന്ന ചില ഉപജാപകവൃന്ദങ്ങളും ഒഴികെ സഭയിലെ ഭൂരിപക്ഷവും അതാഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ ഈ വിധി നടപ്പിലാക്കുക എന്നത് ദൈവനിയോഗമായി കണക്കാക്കുവാൻ ഏവർക്കും സാദ്ധ്യമാകണം. മലങ്കരസഭാ തർക്ക പരിഹാരത്തിനു മദ്ധ്യസ്ഥരുടെ ആവശ്യം ഉണ്ടെന്നത് ഒരു സ്ഥിരപല്ലവിയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം നൽകിയിരിക്കുന്ന മദ്ധ്യസ്ഥതാ തീരുമാനം നടപ്പിലാക്കുവാനും മലങ്കരസഭയിൽ ഐക്യവും സമാധാനവും ഉണ്ടാകുവാനും ഏതു മദ്ധ്യസ്ഥനും മുന്നോട്ട് വരാവുന്നതാണ്.